# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

**വ്യക്തിപരമായ ശ്രദ്ധയ്ക്ക്/അടിയന്തിരം**

**നമ്പർ: 6330/ബി/2015/സം.തി.ക.** **തീയതി: 29.10.2015.**

## പൊതുതിരഞ്ഞെടുപ്പ് 2015– വോട്ടെണ്ണൽ– TREND സംബന്ധിച്ച നിർദ്ദേശങ്ങൾ

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിന്റെ ഫല പ്രഖ്യാപനത്തിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ രൂപകല്പന ചെയ്ത "ട്രെൻഡി"ന്റെ സുഗമമായ പ്രവർത്തനത്തിന് ഒരുക്കേണ്ട സജ്ജീകരണങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഇതിനകം നൽകിയിട്ടുണ്ടെങ്കിലും അവ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ പല ജില്ലകളിലും സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മുൻപ് നൽകിയ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഒരിക്കൽ കൂടി നൽകുന്നു.

1. ബ്ലോക്ക്തല, വോട്ടെണ്ണൽ കേന്ദ്രങ്ങളിലും നഗരസഭ-കോർപ്പറേഷൻ വോട്ടെണ്ണൽ കേന്ദ്രങ്ങളിലും വോട്ടെണ്ണുന്നമുറയ്ക്ക് ഫലം ട്രെൻഡിലേയ്ക്ക് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

2. ഇതിനായി ഓരോ വോട്ടെണ്ണൽ കേന്ദ്രത്തിലും കമ്പ്യൂട്ടർ, പ്രിന്റർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കാൻ സുരക്ഷിതത്വമുള്ള ഒരു മുറി സജ്ജീകരിക്കണം. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ നിന്ന് ഓരോ റൗണ്ട് പൂർത്തിയാകുമ്പോഴും ഡാറ്റാഷീറ്റ് എത്തിക്കാൻ കഴിയുന്നവിധമുള്ള ഒരു മുറി വേണം സജ്ജീകരിക്കേണ്ടത്. ബ്ലോക്ക്തല വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ കഴിവതും ബ്ലോക്ക് വരണാധികാരി ഇരിക്കുന്ന സ്ഥലത്തിനടുത്തുള്ള മുറി വേണം ഇതിനായി ഉപയോഗിക്കേണ്ടത്. ഒന്നിലേറെ വരണാധികാരികളുള്ള നഗരസഭകളിൽ എല്ലാ വോട്ടെണ്ണൽ ഹാൾ/മുറിയിൽ നിന്നും ഏതാണ്ട് ഒരേ അകലത്തിലുള്ള മുറി ഒരുക്കുന്നതാവും അഭികാമ്യം. മുറിയുടെ ലഭ്യതയനുസരിച്ച് ഇതിൽ മാറ്റം വരുത്താവുന്നതാണ്.

3. ഈ മുറിയിലാണ് ബി.എസ്.എൻ.എൽ ഇന്റർനെറ്റ് കണക്ഷന്റെ ലൈൻ എടുക്കേണ്ടത്. ബ്ലോക്ക് തലത്തിൽ ആറു കമ്പ്യൂട്ടറുകളും നഗരപ്രദേശത്തെ കേന്ദ്രങ്ങളിൽ നാല് കമ്പ്യൂട്ടറുകളും സ്ഥാപിക്കാനുള്ള പ്ലഗ്പോയിന്റും അനുബന്ധ സൗകര്യങ്ങളും ഈ മുറിയിൽ കെൽട്രോൺ ഒരുക്കും.

4. ബ്ലോക്ക്തല കൗണ്ടിംഗ് സെന്ററുകളിൽ ഇന്റർനെറ്റ് കണക്ട് ചെയ്യാവുന്ന പ്രവർത്തനക്ഷമത ഉറപ്പുള്ള ആറു കമ്പ്യൂട്ടറുകൾ ബ്ലോക്ക് സെക്രട്ടറിയും നഗരതല കേന്ദ്രങ്ങളിൽ നാല് കമ്പ്യൂട്ടറുകൾ നഗരസഭാ സെക്രട്ടറിയും ലഭ്യമാക്കണം. കമ്പ്യൂട്ടറുകൾക്കൊപ്പം യു.പി.എസ്, പ്രിന്റർ എന്നിവയും എത്തിക്കണം. ഒക്ടോബർ 29 മുതൽ ട്രയൽ ടെസ്റ്റിംഗ് നടത്തേണ്ടതിനാൽ 29-ന് ഒരു കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും എത്തിക്കണം. ബാക്കി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒക്ടോബർ 31-നകം എത്തിക്കണം.

5. വോട്ട് കണക്ക് കമ്പ്യൂട്ടറിൽ എന്റർ ചെയ്യുന്നതിനായി ഓരോ ബ്ലോക്ക് സെക്രട്ടറിയും ബ്ലോക്കിനുകീഴിൽ വരുന്ന പഞ്ചായത്തുകളിലെ അഞ്ച് ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയോഗിക്കണം. നഗരതല സെന്ററുകളിൽ രണ്ട് ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കണം. ഇവരുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ ഇൻഫർമേഷൻ കേരള മിഷൻ നിയമിച്ച ടെക്നിക്കൽ അസിസ്റ്റന്റിനെ നിയോഗിക്കണം. ഇവർക്കുള്ള പരിശീലനം ഡിസ്ട്രിക്ട് ഇൻഫർമാറ്റിക്സ് ആഫീസർ( എൻ.ഐ.സി ) നൽകും. ഡിസ്ട്രിക്ട് ഇൻഫർമേറ്റിക്സ് ആഫീസറെ ട്രെൻഡിന്റെ ടെക്നിക്കൽ കോ-ഓർഡിനേറ്ററായി കമ്മീഷൻ നിയമിച്ചിട്ടുണ്ട്.

6. ബ്ലോക്ക്തലത്തിലും നഗരസഭതലത്തിലും Data Uploading സെന്ററിന്റെ സൂപ്പർവൈസറായി ചുമതലപ്പെടുത്തിയിട്ടുള്ള ഓഫീസർ പ്രസ്തുത സെന്ററിന്റെ ടെക്നിക്കലായിട്ടുള്ളതും Data Entry സംബന്ധിച്ചുള്ളതുമായ Overall supervision നടത്തുന്നതിന് ഉടൻ നിർദ്ദേശം നൽകേണ്ടതാണ്. പ്രസ്തുത ഉദ്യോഗസ്ഥൻ National Informatic Centre, Keltron, BSNL എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് കാര്യ

ങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുകയും, ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കുകയും ചെയ്യേണ്ടതാണ്.

**ഇന്ന്(29.10.2015) പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങൾ**

1. ഡാറ്റാ എൻട്രി മുറി തീരുമാനിച്ച് ആ മുറിയിൽ ബി.എസ്.എൻ.എൽ, കെൽട്രോൺ എന്നിവർക്ക് ആവശ്യമായ സൗകര്യം ബ്ലോക്ക്തല, കൗണ്ടിംഗ് സെന്റർ കോ-ഓർഡിനേറ്റർ ഒരുക്കണം.

2. ഒരു കമ്പ്യൂട്ടറും യു.പി.എസും അനുബന്ധ ഉപകരണവും ഡാറ്റാ എൻട്രി മുറിയിൽ എത്തിക്കുക. ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ സേവനവും ലഭ്യമാക്കുക.

3. ട്രയൽ സമയത്ത് ബ്ലോക്ക്/നഗരസഭ തല കോർഡിനേറ്റർ നിർബന്ധമായുമുണ്ടാകണം.

4. അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് (ജില്ലാ കോ-ഓർഡിനേറ്റർ, ട്രെന്റ്), ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, NIC (ടെക്നിക്കൽ കോ-ഓർഡിനേറ്റർ), അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ) ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ ജില്ലാ തലത്തിൽ ഇന്ന് തന്നെ യോഗം ചേർന്ന് പുരോഗതി വിലയിരുത്തി വിശദാംശങ്ങൾ കമ്മീഷന് റിപ്പോർട്ട് ചെയ്യണം.

**ഒപ്പ്**
**പി. ഗീത**
സെക്രട്ടറി

**എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും.**

പകർപ്പ്:-

**എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും.**
**എല്ലാ നഗരസഭ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും.**
**എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**കമ്മീഷണറുടെ സി.എ, സെക്രട്ടറിയുടെ സി.എ**